


ദീപനാളം കുട്ടികളോടൊപ്പം

എല്ലാ മാസവും ആദ്യത്തെ ആഴ്ച

കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# എന്റെ പേര് 'ഗൗരിയുടെ അമ്മ'



**വിധിയോടു പൊരുതി ജീവിതവിജയം കൈവരിച്ച ഭിന്നശേഷിക്കാരിയായ സ്വന്തം മകളെക്കുറിച്ച് അഭിമാനത്തോടെ അമ്മ എഴുതുന്നു.**

ഞാൻ 'ഗൗരിയുടെ അമ്മ'. ഗൗരി എന്ന മകളിലൂടെ മാത്രം അറിയപ്പെടാൻ ആഗ്രഹിക്കുന്ന അമ്മ.

തിരുവനന്തപുരത്തെ ഒരു ഹോസ്പിറ്റലിൽ പത്തൊൻപതു വർഷംമുമ്പ് ഒരു ഏപ്രിൽ 26 നായിരുന്നു അവളുടെ ജനനം. ഞങ്ങൾ ഒരിക്കലും ചിന്തിച്ചിരുന്നില്ല, ജനിച്ചുവീണത് ഭിന്നശേഷിയുള്ള ഒരു കുഞ്ഞാണെന്ന്. മോളുടെ നട്ടെല്ല് അവസാനിക്കുന്നിടത്ത് ഉണ്ണിയപ്പത്തിന്റെ വലുപ്പമുള്ള മുഴ ഉണ്ടായിരുന്നു. ഡോക്ടറുടെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ അവർ പറഞ്ഞത് ആ മുഴ, കൊഴുപ്പ് (ഫാറ്റ് )ആണ് കുഴപ്പമില്ല എന്നാണ്. പിന്നീട് വിശദമായി നോക്കാമെന്നും പറഞ്ഞു. ആറാം മാസത്തിൽ വിശദമായ പരിശോധനയിൽ കണ്ടെത്തിയത് അത് സ്പൈന ബൈഫിഡ എന്ന രോഗാവസ്ഥയാണെന്നായിരുന്നു. തുടർന്ന്, വലിയൊരു സർജറിക്കു വിധേയയായി. ആ സർജറി വിജയമായിരുന്നില്ല. പോരാത്തതിനു മുഴയുടെ വലുപ്പം ഇരട്ടിയിലേറെ ആവുകയും ചെയ്തു.

ഓരോ ഘട്ടത്തിലും ഞങ്ങൾ പതിയെപ്പതിയെ തിരിച്ചറിഞ്ഞു, അവൾക്കു ജീവിതത്തിലൊരിക്കലും നടക്കാനാകില്ലെന്ന്. ആ സത്യം ഉൾക്കൊള്ളാനാവാതെ ഈ അമ്മ പലപ്പോഴും പകച്ചുനിന്നിട്ടുണ്ട്. പിന്നീട് ചികിത്സയുടെ നീണ്ട നാളുകൾ. ഓപ്പറേഷനുകൾ. പോകാത്ത ആശുപത്രികളില്ല. അലോപ്പതിയും ആയുർവേദവും ഹോമിയോയും എന്നു വേണ്ട, പരീക്ഷിക്കാത്ത ചികിത്സാമാർഗങ്ങൾ ഒന്നുംതന്നെയില്ല.

ഏഴു വർഷം നീണ്ട ആയുർവേദചികിത്സയിലും പറയത്തക്ക മാറ്റം കണ്ടില്ല. നിരാശയുടെ നാളുകൾ... ഹോമിയോ പരീക്ഷിച്ചുനോക്കി. എവിടെ ആശ്രയിച്ചാലാണ് മകൾക്ക് ആശ്വാസമെന്നായിരുന്നു ഈ അമ്മയുടെ ചിന്ത.

വളരുന്തോറും അവൾ തന്റെ കുറവുകൾ മനസ്സിലാക്കിത്തുടങ്ങി. അതിനിടയിലും സാധാരണ സ്കൂളിൽത്തന്നെ പ്രായത്തിനനുസരിച്ചുള്ള വിദ്യാഭ്യാസം നൽകിപ്പോന്നു.

മൂന്നാം ക്ലാസ്സുമുതൽ ശാസ്ത്രീയസംഗീതം പഠിക്കാൻ തുടങ്ങി. രണ്ടു വർഷം കഴിഞ്ഞ് ഓടക്കുഴൽ വാദനവും ആരംഭിച്ചു.

അരയ്ക്കു താഴേക്കു സ്പർശനശക്തിയില്ലാത്തതിനാൽ യൂറിൻ കൺട്രോൾപോലുമില്ലാത്ത കുഞ്ഞ്. എപ്പോഴും ഡയപ്പറുകൾ ധരിപ്പിക്കണം. അതിനാൽ, സ്കൂളിൽ ഞാൻ മോൾക്കൊപ്പമിരുന്നു.

അങ്ങനെ മുന്നോട്ടു പോകുമ്പോൾ പതിന്നാലാം വയസ്സിൽ ഞരമ്പുകളെ ഞെരുക്കുന്ന വേദന തുടങ്ങി. ക്ലാസുകൾ പലപ്പോഴും മുടങ്ങി. കൂടുതലും കിടപ്പായി. ചെറിയ ആശ്വാസം തോന്നുന്ന ദിവസങ്ങളിൽ സ്കൂളിലേക്കു പോകും..

ഈ ശാരീരികബുദ്ധിമുട്ടുകൾക്കിടയിലും അവൾ സ്കൂളിലെ കലോത്സവങ്ങളിൽ പങ്കെടുത്ത് ഓടക്കുഴൽ വാദനത്തിലും മറ്റും സമ്മാനങ്ങൾ വാങ്ങി.

കിടന്നുകൊണ്ടായി പഠനം. വീണ്ടും അലോപ്പതിയെ ആശ്രയിച്ചു. ന്യൂറോ മെഡിസിനുകളും ശക്തിയേറിയ വേദനസംഹാരികളും കൊടുത്തുകൊണ്ടിരുന്നു. ഒന്നും പറയത്തക്ക ഫലം കണ്ടില്ല. ഒൻപതാം സ്റ്റാൻഡേർഡ് അവസാനിക്കാറായപ്പോൾ പൂർണമായും കിടപ്പുതന്നെ. പരീക്ഷ എങ്ങനെയോ പൂർത്തിയാക്കി.

മോളുടെ മാനസികനിലയിൽപ്പോലും മാറ്റം വന്നുതുടങ്ങി. കഠിനമായ ദേഷ്യം. എപ്പോഴും കരച്ചിൽ. വേദനസംഹാരികൾ ഫലിക്കാതെയായിത്തുടങ്ങി. മൈൻഡ് പവർ ട്രെയിനർ ജസ്റ്റിൻ തോമസ്സാറിന്റെ മികച്ച കൗൺസലിങ്ങിലൂടെ കുറെയൊക്കെ മനോധൈര്യം കൊടുക്കാൻ കഴിഞ്ഞു.

അവസാനം എറണാകുളത്തുള്ള സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായ ആസ്റ്റർ മെഡിസിറ്റിയെക്കുറിച്ചറിഞ്ഞു. രണ്ടും കല്പിച്ച് അങ്ങോട്ടു പോയി. അവിടത്തെ പ്രഗല്ഭനായ ന്യൂറോ സർജൻ ഡോക്ടർ ദിലീപ് പണിക്കരുടെ വിശദമായ പരിശോധനയിൽ മോൾക്ക് വലിയ രണ്ടു സർജറികൾ ആവശ്യമെന്നു കണ്ടെത്തി. ഒന്ന് ന്യൂറോ മറ്റൊന്ന് സ്പൈൻ സർജറി. അതും നാല്പത്തിയെട്ടു മണിക്കൂർ നീണ്ട സർജറി.


അമ്മയും മകളും

അപ്പോഴേക്കും 'സ്പൈന ബൈഫിഡ' എന്ന അസുഖത്തിന്റെ അവസ്ഥ മാറി 'ടെദേർഡ് കോർഡ് സിൻഡ്രോം വിത്ത് സ്കോളിയോസിസ്' എന്നായി രോഗാവസ്ഥയുടെ പേര്.

ഓപ്പറേഷൻദിവസം രാവിലെ എട്ടുമണിക്ക് മോളെ തിയേറ്ററിലേക്കു കൊണ്ടുപോകുമ്പോൾ ഞാൻ വലിയ ധൈര്യം മോൾക്കുമുമ്പിൽ കാണിച്ചു. നീണ്ട നാല്പത്തിയെട്ടു മണിക്കൂറുകൾ കടന്നുപോയത് ഒരു യുഗംപോലെയായിരുന്നു. കണ്ണുകൾ പൂട്ടി അവളുടെ ജീവനുവേണ്ടി പ്രാർത്ഥിച്ച് ഒരേയിരുപ്പ്.

നട്ടെല്ലിലെ അസ്ഥികൾ പലതും ഉണ്ടായിരുന്നില്ല. ചിലത് അപൂർണവുമായിരുന്നത്രേ. കൂടാതെ, നട്ടെല്ലിന് ഒരുപാട് വളവും ഉണ്ടായിരുന്നു. അസ്ഥികളില്ലാത്ത ഭാഗങ്ങളിൽ ഇംപ്ലാന്റ് ചെയ്യേണ്ടിവന്നു. മുഴ മുറിച്ചുനീക്കാനാവില്ലായിരുന്നു. തൊലിയിലേക്ക് ഒട്ടിപ്പോയ ഞരമ്പുകളെ വേർതിരിച്ചെടുക്കുക വളരെ പ്രയാസമേറിയ കാര്യവും. ഒരു പരിധിവരെ അവർ അതിൽ വിജയിച്ചു എന്നു പറയാം. ഡോക്ടർമാരുടെ ഒരു വലിയ സംഘമായിരുന്നു അതിനു പിന്നിൽ. കൂടാതെ, വിദേശത്തുള്ള ഡോക്ടർമാരുടെ സഹായവും.

▶10

# ദൈവത്തിന്റെ കരം പിടിച്ച് ഗൗരി

ഒന്നാം പേജ് തുടർച്ച

ഒരു മാസം കഴിഞ്ഞപ്പോളാണ് ആ നടുക്കുന്ന സത്യം അറിഞ്ഞത്. ഓപ്പറേഷൻ ചെയ്ത മുറിവ് ഇൻഫെക്ഷൻ ആയിരിക്കുന്നു. ചെയ്തതൊക്കെ വെറുതെയായോ എന്ന് ഡോക്ടർമാർപോലും ഭയന്ന നാളുകൾ. വീണ്ടും ആറോ ഏഴോ അനുബന്ധസർജറികൾ വേണ്ടിവന്നു. മനസ്സ് കൈവിട്ടു പോകുന്നതുപോലെ. മോളുടെ അവസ്ഥ ഒന്നിനൊന്നു ദയനീയമാവുകയായിരുന്നു. ഹോസ്പിറ്റലിൽത്തന്നെ കൗൺസലിങ് നൽകിവന്നു. ഒപ്പം, ഞങ്ങളുടെ നിരന്തരമായ പരിചരണങ്ങളുംകൂടിയായപ്പോൾ രണ്ടരമാസത്തെ ആശുപത്രിവാസത്തിനുശേഷം വീട്ടിലേക്ക്. തുടർന്ന് ഫിസിയോ തെറാപ്പിയും മറ്റുമായി മുന്നോട്ട്.

പഠനം നിലച്ച മട്ടായി. ജീവിതത്തോടു നിരാശ കാട്ടിത്തുടങ്ങി മോൾ. ആരെയും കാണണ്ട, ആരോടും സംസാരിക്കണ്ട.

അപ്പോഴേക്കും പത്താം ക്ലാസ്സ് പാതി പിന്നിട്ടിരുന്നു. ഗൗരിയുടെ സ്കൂൾ പ്രിൻസിപ്പൽ ആയിരുന്ന സുശീല ബാലകൃഷ്ണന്റെ നിരന്തരശ്രമഫലമായി വീണ്ടും പഠിക്കാമെന്ന് അവൾ അർധമനസ്സോടെ സമ്മതിച്ചു. ടീച്ചർ എന്നും വൈകിട്ട് ഏഴു മുതൽ ഒൻപതുവരെ വീട്ടിൽ വന്ന് പാഠഭാഗങ്ങൾ പറഞ്ഞുകൊടുത്തു പഠിപ്പിച്ച് അവളിൽ പ്രതീക്ഷയുണർത്തി.

തനിക്കു പഠിക്കാൻ കഴിയുമെന്ന വിശ്വാസം അവളിൽ പതിയെ വേരുറച്ചു. പരീക്ഷാസെന്ററിൽ പ്രത്യേക അനുമതിയോടെ അവൾക്കായി കൊണ്ടിട്ട ദിവാൻകോട്ടിൽ ചാരിയിരുന്നും കിടന്നും അവൾ പരീക്ഷയെഴുതി. സ്കൂളിലെ ക്ലാസുകളിൽ അറ്റൻഡ് ചെയ്യാതെതന്നെ എൺപത്തിയേഴു ശതമാനം മാർക്കോടെ അവൾ പത്താം ക്ലാസ്സ് വിജയിച്ചു.

റിസൾട്ട് അറിയുമ്പോൾ അവൾ അടുത്ത സർജറിക്കായി ഹോസ്പിറ്റലിൽ കിടക്കുകയായിരുന്നു. ആ വിജയം അവൾക്കു മുന്നോട്ടുപോകാനുള്ള ചവിട്ടുപടിയായിരുന്നു. നിരന്തരമായ യൂറിനറി ഇൻഫെക്ഷൻ മൂലം കിഡ്നി തകരാറിലാവാതിരിക്കാൻ ഇലിയൽ കൺഡ്യൂറ്റ് (ileal conduit) എന്ന നൂതന സർജറിക്കായാണ് വീണ്ടും അഡ്മിറ്റ് ആയത്. റോബോട്ടിക് സർജറി ആയിരുന്നു ചെയ്തത്. മോളുടെ വയർ തുളച്ചു പുറമെ യൂറിൻ ബാഗ് ഫിറ്റ് ചെയ്തു (കിഡ്നിയും ബ്ലാഡറുമായുള്ള ബന്ധം വിച്ഛേദിച്ചുകൊണ്ടുള്ള ഒരു സർജറി).



ഗൗരി മാതാപിതാക്കളോടൊപ്പം

മുടങ്ങിപ്പോയ ശാസ്ത്രീയസംഗീതവും ഓടക്കുഴൽപഠനവും ഇതിനിടെ പുനരാരംഭിച്ചു. അതിനൊപ്പം കവിതയും സിനിമാഗാനങ്ങളുമൊക്കെ പാടിത്തുടങ്ങി. ഗൗരിയെക്കുറിച്ചറിഞ്ഞ ഫ്ളവേഴ്സ് ടി വി ചാനൽ, കോമഡി ഉത്സവം പ്രോഗ്രാമിൽ പങ്കെടുപ്പിച്ചു. അത് അവൾക്ക് ഒരു പ്രത്യേക അനുഭവമായിരുന്നു. അതു കൂടാതെ ജസ്റ്റിൻ തോമസ് സർ ഗുഡ്നെസ് ടി വിയിൽ പ്രോഗ്രാം ചെയ്യാൻ ക്ഷണിച്ചു.

വീണ്ടും പ്ലസ് വണ്ണിന് സ്കൂളിലേക്ക്. ഇക്കുറി ഗവണ്മെന്റ് സ്കൂളിലായിരുന്നു ചേർത്തത്. വയറിനു പുറത്തു യൂറിൻ ബാഗ് ഫിറ്റ് ചെയ്തതിനാൽ ഡയപ്പറുകൾ ധരിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അത് അവളിൽ കുറച്ചുകൂടി ആത്മവിശ്വാസം ഉണ്ടാക്കി. പുതിയ സ്കൂളും അന്തരീക്ഷവും അവിടുത്തെ അധ്യാപകരുടെ സഹകരണവും പുതിയ കൂട്ടുകാരും എല്ലാം അവൾക്ക് ഒരുപാടു മാറ്റവുമുണ്ടാക്കി. ഇനി അമ്മ എന്റൊപ്പം സ്കൂളിൽ ഇരിക്കേണ്ട ആവശ്യമില്ലെന്ന് മോൾ പറഞ്ഞപ്പോൾ വളരെ അദ്ഭുതത്തോടെയാണ് ഞാൻ അതു കേട്ടത്. അതെ, എന്റെ മോൾ മാറിത്തുടങ്ങിയിരിക്കുന്നു.

പ്ലസ് ടു കാലത്ത് കൊവിഡുമൂലം ഓൺലൈൻ ക്ലാസുകൾ ആയിരുന്നല്ലോ. ആ വർഷം സ്കൂളിൽ പോകാനാവാഞ്ഞത് കുറച്ചു നിരാശ നൽകിയെങ്കിലും പഠനം കഴിഞ്ഞുള്ള സമയം വെറുതെ നഷ്ടപ്പെടുത്താതെ ഓരോ ദിവസവും കൂടുതൽ ആക്റ്റീവായിരിക്കാനാണ് ശ്രമിച്ചത്. അതോടൊപ്പം, ടിക്ടോക്കിൽ ഷോർട്ട് വീഡിയോസ് ചെയ്തു. ഷോർട്ട് വീഡിയോകളിലൂടെ കൊറോണയെ നേരിടാൻ ബോധവത്കരണം നടത്തി. ടിക് ടോക് നിരോധിച്ചപ്പോൾ ഇൻസ്റ്റാഗ്രാമിൽ റീൽസിൽ ആക്റ്റീവായി. ഇപ്പോൾ ആയിരത്തിയഞ്ഞൂറോളം ഷോർട്ട് വീഡിയോസ് ചെയ്തുകഴിഞ്ഞു.

പ്ലസ് ടു വിന് 98.25 ശതമാനം മാർക്കോടെ മികച്ച വിജയം നേടി. കഠിനപരിശ്രമത്തിന്റെ മികച്ച ഫലം!

ഇപ്പോൾ വീടിനടുത്തുള്ള ഏറ്റുമാനൂരപ്പൻ കോളജിൽ ബി കോം സെക്കൻഡ് ഇയർ വിദ്യാർത്ഥിനിയാണ് ഗൗരി. സംഗീതപഠനവും ഓടക്കുഴൽപഠനവും തുടരുന്നു. ദൈവാനുഗ്രഹത്താൽ പൊരുതിനേടിയ വിജയവഴിയിലൂടെ അവൾ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. 'കാരവാൻ' എന്ന ഭിന്നശേഷിക്കൂട്ടായ്മയിൽ സജീവാംഗംകൂടിയാണ് അവൾ ഇപ്പോൾ.

അതെ, ഞാൻ ഇപ്പോൾ ഗൗരിയുടെ അമ്മ എന്നു മാത്രം അറിയപ്പെടാൻ ആഗ്രഹിക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുള്ള അമ്മമാരോട് ഈ അമ്മയ്ക്കു പറയാനുള്ളത്, വീട്ടിലെ നാലു ചുവരുകൾക്കുള്ളിൽ അടച്ചിടാതെ അവരിലെ കഴിവുകളെ കണ്ടറിഞ്ഞ് അവരെ മുന്നോട്ടു കൊണ്ടുവരിക. ഒരമ്മയ്ക്കു മാത്രമേ അവളുടെ കുഞ്ഞുങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകളെ തിരിച്ചറിയാൻ കഴിയൂ. അവരെ ധൈര്യമായി പുറത്തേക്കു കൊണ്ടുവരാൻ അറിയൂ. അവർക്കും മറ്റു കുട്ടികളെപ്പോലെ അവകാശങ്ങളുണ്ട്.

എന്നെന്നും ദൈവത്തിന്റെ അദൃശ്യകരങ്ങൾ താങ്ങായി കൂടെയുണ്ട് എന്ന വിശ്വാസത്തോടെ...

ഗൗരിയുടെ അമ്മ
ആശാ പ്രദീപ്

---

കഥ

# വന്ദേമാതരം

**ഫേബ തോമസ്**
ഒന്നാം വർഷ ജി.എൻ.എം.
വിദ്യാർത്ഥിനി
മരിയൻ മെഡിക്കൽ സെന്റർ, പാലാ

ജനൽപ്പാളികളിലേക്കു ദൃഷ്ടികളൂന്നി നിർവികാരയായ ഒരു സ്ത്രീ. സാമാന്യം ഭേദപ്പെട്ട വസ്ത്രമാണെങ്കിലും ഒന്നൊന്നിനോടു ചേരാത്തതുപോലെ. ചിമ്മാത്ത മിഴികൾ എന്തോ മൗനമായി സംസാരിക്കുന്നതുപോലെ, ജനൽപ്പാളികൾക്കിടയിലൂടെ ഒന്നു രണ്ടു മഴത്തുള്ളികൾ അവളുടെ കവിൾത്തടത്തിൽ വന്നുവീണു. പെട്ടെന്ന് ചിന്തയിൽനിന്ന് അവൾ ഞെട്ടിയുണർന്നു. ജനൽപ്പാളികളുയർത്തി ട്രെയിനിന്റെ താളമനുസരിച്ച് മഴ ആസ്വദിക്കാൻ തുടങ്ങി. അടുത്തിരുന്ന വൃദ്ധ എന്തൊക്കെയോ പുലമ്പിക്കൊണ്ട് അടുത്ത സീറ്റിൽ പോയിരുന്നു. അവൾ പിന്നെയും ഒറ്റയ്ക്കായി.

മഴ ശക്തിപ്രാപിച്ച് കാറ്റോടൊത്ത് ആർത്തു പെയ്തു. അവളുടെ ബാല്യത്തിലേക്കു ഓർമകൾ വഴുതിവീണു. സ്കൂൾ വിടുമ്പോൾ കൈ പിടിക്കാൻ കാത്തുനിന്ന സുഹൃത്ത്. അവിടെ അവളുടെ ജീവിതം ആരംഭിക്കുകയാണ്. അഞ്ചാം ക്ലാസ് കഴിഞ്ഞപ്പോൾ അവളെ ബോർഡിംഗിൽ നിർത്തി പഠിപ്പിക്കാൻ അച്ഛൻ തീരുമാനിച്ചു. ഇനിയൊരിക്കലും കാണില്ലെന്ന വേദനയിൽ അവർ പിരിഞ്ഞു. കാലം കടന്നുപോകെ അവർ പിന്നെയും കണ്ടുമുട്ടി. സൗഹൃദം വളർന്നു പ്രണയമായി. പ്രണയത്തിന്റെ മാധുര്യം അവളുടെ കവിൾത്തടങ്ങളെ തുടുത്തതാക്കി മാറ്റി. മാതാപിതാക്കളെ എതിർത്തുകൊണ്ട് ആ പട്ടാളക്കാരനെ വരനാക്കി അപ്പന്റെ വാക്കുകളും അമ്മയുടെ നിറഞ്ഞ മിഴികളും അവളുടെ മനസ്സിനെ വല്ലാതെയുലച്ചു. ഗുരുവായൂരപ്പന്റെ സന്നിധിയിൽവച്ച് അവൻ അവളെ സ്വന്തമാക്കി. ഒരുപിടി സ്വപ്നങ്ങളുമായി അവർ ജീവിതയാത്ര തുടങ്ങി.



അധികനാൾ ആഘോഷം നീണ്ടുനിന്നില്ല. അവൻ തിരിച്ചുപോയി. അങ്ങനെ അക്കരെയിക്കരെയായി ജീവിതം തുടർന്നു. കത്തുകളിലൂടെ അവർ സംസാരിക്കാൻ തുടങ്ങി. പിന്നെയും പല പ്രാവശ്യം വന്നു. ഒരു അവധിക്കാലത്തു വിശേഷങ്ങൾ പറഞ്ഞു തീരുംമുന്നെ വിളിയെത്തി. യുദ്ധത്തിന്റെ ഇരമ്പലുകൾ അലയടിച്ചുയരാൻ തുടങ്ങി. നാളുകൾ നീണ്ട യുദ്ധം. കത്തുകൾ വരാതായി. വിശേഷങ്ങളില്ല, കളിചിരിയില്ല, വീടു പതുക്കെ ഉറങ്ങാൻ തുടങ്ങിയിരുന്നു.

പെട്ടെന്നൊരു ദിവസം ഒരു ഫോൺകോൾ. എത്രയും വേഗം എയർപോർട്ടിലെത്തണം. ആ ശബ്ദത്തിനു ഗാംഭീര്യമുണ്ടായിരുന്നു. അവളുടെ ഉള്ള് വിങ്ങാൻ തുടങ്ങി. ഏക ആശ്വാസം മഴയാണ്. കവിളിലൂടെയൊഴുകുന്ന കണ്ണീർക്കണം ആരുമറിയാതെ അവൾ തുടയ്ക്കുന്നുണ്ടായിരുന്നു.

താൻ തനിച്ചാകാൻ പോകുന്നെന്നും തന്നെ ചേർത്തു നിർത്തിയവന്റെ തണുത്തുറഞ്ഞ ശരീരം ഒരു നോക്കു കാണാൻപോലുമാവില്ലെന്നും അവൾ മനസ്സിലാക്കി. അവൾ സാവധാനം വയറിലൂടെ വിരലുകളോടിച്ചു. മറ്റൊരാൾ അവിടെ വളർന്നു തുടങ്ങിയിരുന്നു.

മഴ പിന്നെയും പെയ്തുകൊണ്ടിരുന്നു. ട്രെയിൻ അവളെയുംകൊണ്ട് എയർപോർട്ടിലേക്കു കുതിച്ചു പാഞ്ഞു. ■